ജലവിഭവ വകുപ്പ്
കേരള സർക്കാർ

# ജലതരംഗം

## വാർത്താ പത്രിക

കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ പദ്ധതി (ജലനിധി)

മലപ്പുറം എഡിഷൻ | ജൂലൈ 2017 | വാല്യം 1 | ലക്കം 4

## എഡിറ്റോറിയൽ



ജലസംരക്ഷണത്തിന്റെയും, ജല പരിപോഷണത്തിന്റെയും നീതിപൂർവ്വകമായ ജല വിനിയോഗത്തിന്റെയും, ശാസ്ത്രീയ മാലിന്യ സംസ്കരണത്തിന്റെയും പ്രാധാന്യം വിദ്യാർത്ഥികളിലൂടെ ഓരോ കുടുംബത്തിലും ,പൊതു സമൂഹത്തിലും എത്തിക്കുന്നതിന് ജലനിധി ഗ്രാമ പഞ്ചായത്തുകളിലെ തെരഞ്ഞെടുത്ത സ്കൂളുകളിൽ ജലശ്രീ ക്ലബ്ബുകൾ ആരംഭിക്കുകയാണ്. കുട്ടികൾ മാറ്റത്തിന്റെ വക്താക്കളാണ്. ജലസംരക്ഷണ, പരിപോഷണ, വിനിയോഗ, മലിനീകരണ മേഖലകളിലെ പ്രശ്നങ്ങൾ തലമുറകൾ നേരിടുന്ന ദുരന്തമായിരിക്കും എന്നതിനാൽ അവയെ ധൈര്യപൂർവ്വം മറികടക്കാൻ തലമുറകളെ സജ്ജരാക്കേണ്ടതുണ്ട്.

ജലം ജീവനാണെന്നും ജലമില്ലെങ്കിൽ ജീവനില്ലെന്നും പഠിക്കുകയും പഠിപ്പിക്കുകയും വേണം ഒപ്പം ശുദ്ധജലം തലമുറകളുടെ അവകാശമാണെന്നും. വിദ്യാർത്ഥികളിലൂടെ കുടുംബത്തിലേക്കും സമൂഹത്തിലേക്കും ഈ സന്ദേശം ഒട്ടും ചോർന്നു പോകാതെ താമസംവിനാ എത്തിക്കുവാൻ ജലശ്രീ ക്ലബ്ബുകൾക്ക് സാധിക്കുമെന്ന പ്രതീക്ഷയിൽ ജലനിധിയുടെ മലപ്പുറം മേഖലയുടെ കീഴിലുള്ള തെരഞ്ഞെടുത്ത 42 സ്കൂളുകളിൽ ജലശ്രീ ക്ലബ്ബുകൾ ആരംഭിക്കുന്നതിനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. 42 സ്കൂളിലായി ആകെ 21931 വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. ഓരോ സ്കൂളിലെയും 5,6,7 ക്ലാസുകളിലെ കുട്ടികളെയാണ് ജലശ്രീ ക്ലബ്ബുകളിൽ അംഗങ്ങളാക്കുന്നത്. നിരന്തര പരിശീലനങ്ങളിലൂടെയും പ്രവർത്തനങ്ങളിലൂടെയും വിദ്യാർത്ഥികളിൽ പ്രകൃതിക്കിണങ്ങുന്നതും പരിസ്ഥിതി സൗഹൃദവുമായ ജിവിതശൈലി രൂപപ്പെടുത്തുക എന്നത് ജലശ്രീ ക്ലബ്ബുകളുടെ പ്രധാനദൗത്യമാണ്.

ഭൂമിയിൽ ജീവന്റെ തുടിപ്പിനും നിലനിൽപ്പിനും, വികസനത്തിനും ജലം അനിവാര്യമാണ്. ജീവജാലങ്ങൾക്ക് ആവശ്യമായ അടിസ്ഥാന ഭക്ഷണം പ്രകാശസംശ്ലേഷണം വഴി ഉണ്ടാക്കുന്നതിനും പോഷകങ്ങൾ വിതരണം ചെയ്യുന്നതിനും ജലത്തിന് മാത്രമല്ലേ കഴിയൂ. മണ്ണ് മണ്ണാകുന്നത് അതിൽ ജലത്തിന്റെ അംശം ഉണ്ടാകുമ്പോഴാണ്. ജലസംരക്ഷണ പ്രവർത്തനങ്ങളിൽ നാം കാണിക്കുന്ന അലംഭാവം പരിസ്ഥിതി നാശത്തിനേ കാരണമാകൂ.

സമ്പൂർണ്ണ സാക്ഷരതയെന്ന മഹായജ്ഞത്തിന് സാക്ഷ്യം വഹിച്ച കേരളം സമ്പൂർണ്ണ ജലസാക്ഷരതയെന്ന യജ്ഞത്തിന് തുടക്കമിടേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. കേരള സർക്കാർ പ്രഖ്യാപിച്ച ഹരിതകേരളം പദ്ധതി ഈ ദിശയിൽ ചിന്തിക്കാൻ പര്യാപ്തമായ ധാരാളം നിർദ്ദേശങ്ങൾ സമൂഹമദ്ധ്യേ അവതരിപ്പിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങൽ നടപ്പിലാക്കാൻ അമാന്തിച്ചുകൂടാ. ഓരോ വിദ്യാർത്ഥിയും ഓരോ കുടുംബവും ജലം എന്ന നിധിയെ സംരക്ഷിക്കും എന്ന പ്രതിജ്ഞയെടുത്താൽ തലമുറകൾ സംരക്ഷിക്കപ്പെടും. ജലശ്രീ ക്ലബ്ബുകൾ ഇതിന് പ്രേരകമായി മാറുമെന്ന് പ്രതീക്ഷിക്കാം, ജലസംരക്ഷണ യജ്ഞം ജലശ്രീ ക്ലബ്ബുകളിലൂടെ യാഥാർത്ഥ്യമാക്കാം.

ഹൈദർ അലി ടി.പി
മേഖല പ്രോജക്ട് ഡയറക്ടർ

## പറളിയിലെ ജലനിധി പദ്ധതി നാടിന് സമർപ്പിച്ചു.



ജലനിധി രണ്ടാം ഘട്ടം ബാച്ച് 3 പഞ്ചായത്തുകളിൽ ഉൾപ്പെട്ട പാലക്കാട് ജില്ലയിലെ പറളി ഗ്രാമപഞ്ചായത്തിലെ 773 ഗുണഭോക്തൃ കുടുംബങ്ങൾക്കായുള്ള 9 കുടിവെള്ള പദ്ധതികൾ ബഹു. തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി കെ.ടി. ജലീൽ, കോങ്ങാട് നിയോജക മണ്ഡലം എം.എൽ.എ കെ.വി വിജയദാസിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ നാടിന് സമർപ്പിച്ചു. പറളി ഗ്രാമ പഞ്ചായത്തിൽ 27 കുടിവെള്ള പദ്ധതികൾക്കാണ് സാങ്കേതിക അനുമതി ലഭിച്ചിട്ടുള്ളത്. 3528 കുടുംബങ്ങൾക്ക് ശുദ്ധജലം ലഭ്യമാക്കാൻ ജലനിധി പദ്ധതി വഴി സാധിക്കും. 2018 ജനുവരിയോടുകൂടി മുഴുവൻ പദ്ധതികളും പൂർത്തിയാക്കാനാണ് ഗ്രാമപഞ്ചായത്ത് കർമ്മ പദ്ധതി തയ്യാറാക്കിയിട്ടുള്ളതെന്ന് പഞ്ചായത്ത് പ്രസിഡന്റ് കെ.ആർ.ഗിരിജ അറിയിച്ചു. 27 പദ്ധതികൾക്കായി 18 കോടി രൂപയാണ് ചെലവു പ്രതീക്ഷിക്കുന്നത്. കുടിവെള്ള വിതരണ പദ്ധതികൾക്കുപുറമെ ശാസ്ത്രീയ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ, ഭൂജല പരിപോഷണ പ്രവർത്തനങ്ങൾ, നേതൃത്വ ശാക്തീകരണ പരിശീലനങ്ങൾ എന്നിവയും ജലനിധിയുടെ ഭാഗമായി നടപ്പിലാക്കുന്നു. വയനാട് ജില്ലയിലെ മിറർ എന്ന സംഘടനയാണ് പദ്ധതി നിർവ്വഹണത്തിൽ ഗ്രാമ പഞ്ചായത്തിനെ സഹായിക്കുന്നത്.

സരിത്ത്.സി.കെ
ടീം ലീഡർ, പറളി

# എളയടം ആനോത്ത് പദ്ധതി ഉദ്ഘാടനം ചെയ്തു

പുറമേരി ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കുന്ന ജലനിധി പദ്ധതിയിൽ ഉൾപ്പെടുത്തിയ എളയടം ആനോത്ത് ശുദ്ധജല വിതരണ പദ്ധതി, ബഹു. കേരള തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രി കെ.ടി. ജലീൽ നാടിന് സമർപ്പിച്ചു. കുറ്റ്യാടി നിയോജക മണ്ഡലം എം.എൽ.എ. പാറക്കൽ അബ്ദുള്ള അധ്യക്ഷത വഹിച്ചു.

പ്രദേശത്തെ 92 കുടുംബങ്ങൾക്ക് പ്രയോജനം ചെയ്യുന്ന പദ്ധതിക്ക് 40 ലക്ഷത്തോളം രൂപ ചെലവായി. കുറ്റിയിൽ അന്ത്രു പ്രസിഡന്റും, എം.കെ. കുഞ്ഞബ്ദുള്ള സെക്രട്ടറിയും, പ്രഗിഷ ആനോത്ത് ഖജാൻജിയുമായ 11 അംഗ എക്സിക്യുട്ടീവ് കമ്മിറ്റിയാണ് പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്തത്.

പദ്ധതിയുടെ താക്കോൽദാനം പുറമേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.അച്യുതൻ നിർവഹിച്ചു. ഗ്രാമപഞ്ചായത്ത് വൈസ്. പ്രസിഡന്റ് പ്രസീത കല്ലുള്ളതിൽ, ബ്ലോക്ക് പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ അഡ്വ. മനോജ് അരൂർ, വാർഡ് മെമ്പർ ആർ.അബ്ദുൾസലാം, മുൻ മെമ്പർമാരായ ഫൗസിയ കുഞ്ഞമ്മദ്, എൻ.ടി.രാജേഷ്, വാട്ടർ കൺസർവേഷൻ സ്പെഷലിസ്റ്റ് ഷാജൻ ജേക്കബ്, ഗ്രാമപഞ്ചായത്ത് സെക്രട്ടറി പി.ടി. പ്രസാദ് എന്നിവർ സംസാരിച്ചു.

ലത്തീഫ് .സി
ടീം ലീഡർ, പുറമേരി




# ജലനിധി മേഖല ഡയറക്ടറായി ഹൈദർ അലി ടി.പി ചുമതലയേറ്റു



ജലനിധിയുടെ മലപ്പുറം മേഖലാ ഓഫീസിൽ മേഖല പ്രോജക്ട് ഡയറക്ടറായി ഹൈദർ അലി .ടി.പി ചുമതലയേറ്റു. ഇടുക്കി ഗ്രാമവികസനവകുപ്പ് പ്രോജക്ട് ഡയറക്ടറായി ജോലി ചെയ്ത് വരികയായിരുന്നു. ഇകണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിൽ 1994ൽ സർവ്വീസിൽ പ്രവേശിച്ച ഹൈദർ അലി ഇതിനോടകം കെ.എസ്.ഇ.ബിയിൽ 9 വർഷക്കാലം സീനിയർ അസിസ്റ്റന്റായും, കൊണ്ടോട്ടി, അരീക്കോട്, നിലമ്പൂർ ബ്ലോക്ക് പഞ്ചായത്തുകളിൽ ബി.ഡി.ഒ ആയും ജോലി ചെയ്തു. തുടർന്ന് അഞ്ച് വർഷക്കാലം മലപ്പുറം ജില്ലാ ശുചിത്വമിഷനിൽ ജില്ലാ കോ-ഓഡിനേറ്ററായും പ്രവർത്തിച്ചിട്ടുണ്ട്. ബി. ഡി.ഒ ആയിരിക്കെ ബിസിനസ് അഡ്മിനിസ്ട്രേഷനിൽ മാസ്റ്റർ ബിരുദം നേടി. ഭാര്യയും മൂന്ന് മക്കളുമടങ്ങുന്ന കുടുംബം നിലമ്പൂരിനടുത്ത് കരുളായിയിൽ താമസിക്കുന്നു.

# ബാക്കിക്കയം റഗുലേറ്റർ പ്രവർത്തന സജ്ജം

മലപ്പുറം ജില്ലയിലെ വേങ്ങര ഗ്രാമ പഞ്ചായത്തിൽ പാണ്ടികശാലക്കടുത്ത് കടലുണ്ടിപ്പുഴക്ക് കുറുകെ ബാക്കിക്കയത്ത് ജലനിധി നിർമ്മിക്കുന്ന റഗുലേറ്ററിന്റെ പ്രവൃത്തി അവസാന ഘട്ടത്തിലേക്ക്. 17.33 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതി ജലനിധി മൾട്ടി ജി.പി കുടിവെള്ള പദ്ധതിയിൽ ഉൾപ്പെട്ട തെന്നല, ഒഴൂർ, പെരുമണ്ണക്ലാരി, വേങ്ങര, ഊരകം പറപ്പൂർ പഞ്ചായത്തുകളിലെ കുടുംബങ്ങളെയാണ് പ്രധാനമായും ലക്ഷ്യമിടുന്നത്. അഞ്ചു നിയോജക മണ്ഡലങ്ങളിലെ ജലസേചനത്തിനും ആയിരക്കണക്കിന് കുടുംബങ്ങളുടെ കുടിവെള്ളത്തിനും ജലനിധി ബാക്കിക്കയം പദ്ധതി സഹായകമാകും. നിർമ്മാണ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്ന കേരള ജലസേചന വകുപ്പാണ്



ബാക്കിക്കയം റഗുലേറ്റർ



ജലനിധി എക്സി .ഡയറക്ടർ എ.ആർ. അജയകുമാർ ഐ.എ.എസ് പദ്ധതി പ്രദേശം സന്ദർശിക്കുന്നു.

# പരിസ്ഥിതി ദിനാചരണം

## ഊരകം ഗ്രാമ പഞ്ചായത്ത്

ലോക പരിസ്ഥിതി ദിനമായ ജൂൺ 5-ന് വൃക്ഷ തൈ നടുകയും പരിസ്ഥിതിദിനപ്രതിജ്ഞ ചൊല്ലുകയും പഠന ക്ലാസ് സംഘടിപ്പിക്കുകയും ചെയ്തു. പഞ്ചായത്ത് പ്രസിഡണ്ട് സഫ്രീന അഷ്റഫ് പരിപാടി ഉദ്ഘാടനം ചെയ്തു. ജനപ്രതിനിധികൾ, ജലനിധി വാർഡുതല കമ്മറ്റി അംഗങ്ങൾ, കൃഷിഭവൻ ഉദ്യോഗസ്ഥർ, അദ്ധ്യാപകർ, ജലനിധി പ്രവർത്തകർ തുടങ്ങിയവർ പങ്കെടുത്തു. പരിസ്ഥിതി പ്രവർത്തകനായ റഫീഖ് സെമിനാർ നയിച്ചു.

## വേങ്ങര ഗ്രാമ പഞ്ചായത്ത്

വേങ്ങര ഗ്രാമ പഞ്ചായത്തിലെ പരിസ്ഥിതി ദിനാചരണ പരിപാടി ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് കുഞ്ഞാലൻകുട്ടി ഉദ്ഘാടനം ചെയ്തു. വൃക്ഷതൈ നടുകയും പരിസ്ഥിതി ദിനപ്രതിജ്ഞ എടുക്കുകയും ചെയ്തു. തുടർന്ന് പരിസ്ഥിതിദിനത്തിന്റെ പ്രാധാന്യത്തെ കുറിച്ച് ചർച്ച സംഘടിപ്പിച്ചു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട്, വാർഡ് മെമ്പർമാർ, ജലനിധി പദ്ധതിയുടെ ഭാരവാഹികൾ, ജലനിധി സീനിയർ എൻജിനിയർ, പ്രോജക്ട് കമ്മീഷണർ, കൃഷിഭവൻ ഉദ്യോഗസ്ഥർ, വാർഡ് തല കമ്മറ്റി അംഗങ്ങൾ എന്നിവർ പങ്കെടുത്തു



## മങ്കര ഗ്രാമ പഞ്ചായത്ത്



വൃക്ഷതൈകൾ നടീൽ, പരിസ്ഥിതി സംരക്ഷണ പ്രതിജ്ഞ തുടങ്ങിയ പരിപാടികളോടെ ലോക പരിസ്ഥിതി ദിനം മങ്കര ഗ്രാമപഞ്ചായത്ത് ആചരിച്ചു. ദിനാഘോഷം പഞ്ചായത്ത് പ്രസിഡന്റ് ജിൻസി ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡന്റ് ശശി പരിസ്ഥിതി ദിനപ്രതിജ്ഞ ചൊല്ലിക്കൊടുത്തു. സഹായ സംഘടന ടീം ലീഡർ ബോബി.പി സംസാരിച്ചു. വാർഡ് മെമ്പർമാർ, SLEC, BG അംഗങ്ങൾ സഹായ സംഘടന ടീം, എന്നിവർ ദിനാഘോഷത്തിൽ പങ്കെടുത്തു.

## ഊർങ്ങാട്ടിരി ഗ്രാമ പഞ്ചായത്ത്

### എന്റെ ഭൂമി എന്റെ ചാലിയാർ

ജലനിധിയുടെ നേതൃത്വത്തിൽ നാഷണൽ സർവ്വീസ് സ്കീമിന്റെയും പൊതു പ്രവർത്തകരുടേയും സഹരണത്തോടെ "എന്റെ ഭൂമി എന്റെ ചാലിയാർ" പദ്ധതിക്ക് തുടക്കമിട്ടു. ചാലിയാർ പുഴയുടെ തീരത്ത് മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ കർശനനടപടികൾ സ്വീകരിക്കുന്നതിനും പുഴയോരത്ത് മുള തൈകൾ വെച്ച്പിടിപ്പിക്കുന്നതിനും ജൈവ വൈവിധ്യ പാർക്ക് സ്ഥാപിക്കുന്നതിനും തീരുമാനിച്ചു. ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് എൻ.കെ ഷൗക്കത്തലി പരിപാടി ഉദ്ഘാടനം ചെയ്തു. വാർഡ് മെമ്പർമാർ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, പ്രധാനാധ്യാപകർ, ജലനിധി ഭാരവാഹികൾ തുടങ്ങിയവർ പങ്കെടുത്തു. സഹായ സംഘടനാ ടീം ലീഡർ അമിത് രമണൻ പരിപാടികൾക്ക് നേതൃത്വം നൽകി.



## ലക്കിടി പേരൂർ ഗ്രാമ പഞ്ചായത്ത്



ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് ദീപ നാരായണൻ വൃക്ഷതൈ നട്ടുകൊണ്ട് ലോകപരിസ്ഥിതി ദിനാചരണത്തിന് തുടക്കം കുറിച്ചു. പരിസ്ഥിതി ദിന സന്ദേശ റാലി, ജലനിധിയുടെ ജല സ്രോതസായ ഭാരത പുഴയുടെ തീരത്ത് എസ്.എൽ.ഇ.സി മെമ്പർമാരുടെ പേരിലും, സഹായ സംഘടന ടീമിന്റെ പേരിലും 100 വൃക്ഷ തൈകൾ നട്ടു. പഞ്ചായത്ത് അസി.സെക്രട്ടറി ഗോഗുൽദാസ്, എസ്.എൽ.ഇ.സി പ്രസിഡണ്ട് ജോസഫ്, സെക്രട്ടറി നാരായണൻ മാസ്റ്റർ, ടീം ലീഡർ ആർ. രതീനാഥ്, പ്രോജക്റ്റ് കമ്മീഷണർ ഉഷാകുമാരി, ജെ.പി.സി. സുനിത, ഉണ്ണികൃഷ്ണൻ പൂന്താനം എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

## ചോക്കാട് ഗ്രാമ പഞ്ചായത്ത്

ഗുണഭോക്തൃ സമിതികളിലും, പ്രൈമറി ഹെൽത്ത് സെന്ററുകളിലും, അംഗനവാടികളിലും വൃക്ഷതൈകൾ നട്ടുകൊണ്ട് ലോക പരിസ്ഥിതി ദിനം ആചരിച്ചു. സഹായ സംഘടനാ ടീം ലീഡർ തൈകൾ വിതരണം ചെയ്തു. ജലസംരക്ഷണത്തിലും പരിസ്ഥിതി പരിപാലനത്തിലും ജനങ്ങൾ വഹിക്കേണ്ട പങ്കിനെക്കുറിച്ച് ചർച്ച ചെയ്തു. പരിപാടികൾക്ക് സഹായസംഘടനാ ടീം ലീഡർ നിഥിൻ കെ.കെ നേതൃത്വം നൽകി



# ഇനി ഞാനൊന്നുറങ്ങട്ടെ

2017 ഫെബ്രുവരി 20 റംല കുഞ്ഞായിൻ കുട്ടിക്ക് മറക്കാനാവാത്ത ദിവസമായിരുന്നു. രണ്ടു ദശാബ്ദക്കാലം അനുഭവിച്ച കഷ്ടതകൾക്ക് പരിഹാരമായി വീട്ടുമുറ്റത്തെ ടാപ്പിൽ ശുദ്ധമായ വെള്ളം ലഭിച്ച ദിവസം മറക്കാൻ സാധ്യമല്ല, റംലക്കു മാത്രമല്ല നടുവണ്ണൂർ ഗ്രാമപഞ്ചായത്തിലെ നരമ്പനക്കുളത്തെ 150 കുടുംബങ്ങൾക്കും. ഒരു വീട്ടമ്മയെ സംബന്ധിച്ച് വെള്ളം ആവശ്യത്തിന് വീട്ടിലുണ്ടാവുക എന്നത് അനിവാര്യതയാണ്. വെള്ളമില്ലാതെ മറ്റെന്തുണ്ടായിട്ടും കാര്യമില്ലല്ലൊ. വെള്ളകീറും മുമ്പെ പൊതുടാപ്പിനു മുമ്പിൽ കാവൽ നിൽക്കുക, അല്ലെങ്കിൽ അകലെയുള്ളകിണറിനരികിൽ ക്യൂ നിൽക്കുക എന്നത് നൽകുന്ന അസ്വസ്ഥത ചെറുതല്ല. സമയത്ത് ഭക്ഷണമുണ്ടാക്കണം, മക്കളെ സ്‌കൂളിലയക്കണം, വീട്ടുകാരെ ജോലിക്ക് വിടണം. അതിന് അടുക്കളയിലും, കുളിമുറിയിലും കക്കൂസിലും ആവശ്യത്തിന് വെള്ളം വേണം. ഒരു ദിവസമല്ല, ഒരുവർഷവുമല്ല, ഒരു മനുഷ്യായുസ്സു മുഴുവനും ഈ ദിനചര്യ തുടർന്നേ മതിയാകൂ. വെള്ളമില്ലാത്ത ഒരൊറ്റ കാരണത്താൽ റംലയുടെയും നരമ്പനക്കുളത്തെ 150-ഓളം കുടുംബങ്ങളുടെയും ജീവിതം ദുരിത പൂർണമായിരുന്നു. കുറ്റ്യാടിയിലെ ജലസമൃദ്ധിയിൽനിന്നും 20 വർഷം മുമ്പ് വിവാഹം ചെയ്ത് നരമ്പനക്കുളത്തെത്തിയപ്പോൾ കുടിവെള്ളം ഒരു കിട്ടാക്കനിയാവുമെന്ന് ഒട്ടും പ്രതീക്ഷിച്ചില്ല. 20 വർഷക്കാലം വെള്ളത്തിനായി പലകിണറുകളിലും പോയി. ഒന്നും ശാശ്വതമായിരുന്നില്ല. കുടിവെള്ളത്തിനായി ഒരു പദ്ധതി ശരിക്കും ആഗ്രഹിച്ചു.



രണ്ടു മക്കളും ഭർത്താവു മടങ്ങുന്ന കുടുംബത്തിന്റെ ആകെ സ്വത്ത് 10 സെന്റ് ഭൂമിയാണ്. റംലയും ഭർത്താവ് കുഞ്ഞായിൻകുട്ടിയും പണിക്കുപോയാലേ നിത്യവൃത്തി നടക്കു. രാവിലെ 6 മണിക്ക് മുമ്പ് വെള്ളം ശേഖരിച്ചില്ലെങ്കിൽ അന്നു വെള്ളമുണ്ടാകില്ല. ദുരിതനാളുകളെക്കുറിച്ചോർക്കുമ്പോൾ ഇന്നും കണ്ണുനിറയും. എല്ലാം മറന്ന ദിവസമാണ് ഫെബ്രുവരി 20. ബഹു. ജലവിഭവ വകുപ്പു മന്ത്രി മാത്യു .ടി തോമസ് നരമ്പനക്കുളംപദ്ധതി നാടിനു സമർപ്പിച്ച ദിനം റംലയെപ്പോലെ 150 കുടുംബങ്ങളും ഹൃദയത്തിൽ സൂക്ഷിക്കുന്നു.

ജലനിധി പദ്ധതി ഒരുവീട്ടമ്മയെ സംബന്ധിച്ച് നിധിയാണ്. റംല ഒരു ഗുണഭോക്താവു മാത്രമായിരുന്നില്ല നരമ്പനക്കുളം ശുദ്ധജല വിതരണ പദ്ധതിക്ക്. പദ്ധതിയുടെ തുടക്കം മുതൽ എല്ലാപ്രവർത്തനങ്ങളിലും സജീവമായി പങ്കെടുത്തു. പദ്ധതി കമ്മീഷൻ ചെയ്തപ്പോൾ റംലയെ മീറ്റർ റീഡറായി സമിതി നിയമിച്ചു. ഇന്ന് റംലക്ക് 150 വീടും സ്വന്തം വീടുപോലെ സുപരിചിതമാണ്. ഗുണഭോക്താക്കൾക്കും റംല പ്രിയപ്പെട്ടവൾ തന്നെ. ഒരു ഗുണഭോക്താവിനും ഒരു ദിവസം പൊലും വെള്ളം മുടങ്ങരുതെന്ന ശാഠ്യം റംലക്കുണ്ട്. വെള്ളത്തിന്റെ വില അറിഞ്ഞവർക്ക് അങ്ങനയേ ചിന്തിക്കാൻ കഴിയു. ഇനി സമാധാനമായി ഉറങ്ങാം. വെള്ള കീറും മുമ്പെ വെള്ളത്തിനായി എങ്ങോട്ടും ഓടേണ്ട. എവിടെ എപ്പോൾ വേണമെങ്കിലും വിരുന്നിനുപോകാം, വീട്ടിൽ ജലനിധിയുടെ കുടിവെള്ള മുണ്ടല്ലോ.

റോബിൻ മാത്യു
ടീം ലീഡർ,നടുവണ്ണൂർ

# പുത്തലത്ത് മീത്തൽ പദ്ധതി ഉദ്ഘാടനം ചെയ്തു

വില്ല്യാപ്പള്ളി പഞ്ചായത്തിലെ 13-ാം വാർഡിൽ 54 കുടുംബങ്ങളെ ഉൾപ്പെടുത്തി ആരംഭിച്ച പുത്തലത്ത് മീത്തൽ കുടിവെള്ള പദ്ധതിയുടെ ഉദ്ഘാടനം കോഴിക്കോട് ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് ബാബു പാറശ്ശേരി നിർവ്വഹിച്ചു. പഞ്ചായത്ത് പ്രസിഡണ്ട് കെ.കെ മോഹനൻ അദ്ധ്യക്ഷത വഹിച്ചു.

ജലനിധി പദ്ധതിയുടെ ഉദ്ഘാടനം ഉത്സവത്തിന്റെ പ്രതീതിയാണ് പഞ്ചായത്തിൽ സൃഷ്ടിച്ചത്. വില്ല്യാപ്പള്ളി പഞ്ചായത്തിലെ പല പദ്ധതികളും നിക്ഷിപ്തതാൽപര്യത്തിന്റെ പേരിൽ എവിടെയും എത്താതെ പോയപ്പേൾ നിശ്ചയദാർഢ്യത്തിന്റെയും സ്ഥിരോത്സാഹത്തിന്റെയും വിജയം പുത്തലത്തുകാർ ആഘോഷിച്ചു. ബാന്റ് മേളത്തിന്റെ അകമ്പടിയോടെ വർണ ശബളമായ ഘോഷയാത്രയും കുരുത്തോലകൊണ്ട് അലങ്കരിച്ച വഴിത്താരകളും അതി മനോഹരമായിരുന്നു. പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കിയ കരാറുകാരെ പൊന്നാട അണിയിച്ച് ആദരിച്ചു. പടക്കം പൊട്ടിച്ചും പായസ വിതരണം നടത്തിയും ജലനിധി അംഗങ്ങൾ സന്തോഷം പ്രകടിപ്പിച്ചു.

30 ലക്ഷം രൂപയാണ് പദ്ധതിക്കായി ചെലവഴിച്ചത്. സമിതി പ്രസിഡണ്ട് എം.പി നാരായണൻ സെക്രട്ടറി എം.എം പ്രദോഷ് എന്നിവരും കമ്മറ്റി അംഗങ്ങളും കഠിനാധ്വാനം ചെയ്താണ് പദ്ധതിയെ യാഥാർത്ഥ്യ മാക്കിയത്. സഹായ സംഘടനയായ സ്റ്റാർസ് കോഴിക്കോട് മികച്ച നേതൃത്വം നൽകുകയും ചെയ്തു.






അലക്സ് തോമസ്
ടീം ലീഡർ വില്ല്യാപ്പള്ളി

# ഹംസ തളാപ്പിൽ ഒരനുസ്മരണം



സമർപ്പണ മനോഭാവത്തിന്റെയും ആത്മാർത്ഥതയുടെയും നീതിബോധത്തിന്റെയും മാതൃക അന്യമായിട്ടില്ലെന്നതിന്റെ അടയാളമായിരുന്നു ഹംസ തളാപ്പിൽ. എടപ്പറ്റ ഗ്രാമ പഞ്ചായത്തിലെ ജലനിധി സഹായ സംഘടനയായ രാജീവ് യൂത്ത് ഫൗണ്ടേഷന്റെ സീനിയർ എഞ്ചിനിയറായി പ്രവർത്തച്ചു വരവെ 2016 മാർച്ച് 20ന് വാഹനാപകടത്തിൽ അദ്ദേഹം നമ്മോട് എന്നന്നേക്കുമായി വിട പറഞ്ഞു.

കക്കാടം കയം ശുദ്ധജല വിതരണ പദ്ധതിയുടെ സ്രോതസിന്റെ സുസ്ഥിരത ഉറപ്പുവരുത്തുന്നതിനായി പുഴയിൽ നിർമിക്കുന്ന ഗാലറിയുടെ പ്രവൃത്തി നിരീക്ഷിക്കുകയും നിർദ്ദേശങ്ങൾ നൽകുകയും പ്രവൃത്തി തീരും വരെ സൈറ്റിൽ നിൽക്കുകയും ചെയ്ത ശേഷം രാത്രി 2 മണിക്ക് 30 കി.മീറ്റർ അകലെ മഞ്ചേരിയിലുള്ള സ്വന്തം വീട്ടിലേക്ക് ഓട്ടോറിക്ഷയിൽ മടങ്ങുമ്പോഴായിരുന്നു അപകടം. രണ്ടുവർഷത്തിലധികം ജലനിധി സഹായ സംഘടനയുടെ സീനിയർ എൻജിനിയറായി പ്രവർത്തിച്ച ഹംസയെക്കുറിച്ച് പറയുമ്പോൾ സഹ പ്രവർത്തകർക്കും ഒപ്പം ഗുണഭോക്താക്കൾക്കും ശബ്ദമിടറും. പി.ഡബ്ല്യു.ഡി എൻജിനിയറായി ദീർഘനാൾ സേവനമനുഷ്ഠിച്ച ശേഷമായിരുന്നു സീനിയർ എൻജിനിയറായി ജോലിയിൽ പ്രവേശിച്ചത്. നല്ലൊരു സുഹൃത്ത്, വഴികാട്ടി, ഗുരു, ഉത്തമനായ കുടുംബനാഥൻ... വിശേഷണങ്ങൾ ധാരളമുണ്ട് അദ്ദേഹത്തിന്. ചെയ്യുന്ന പ്രവൃത്തി കുറ്റമറ്റതായിരിക്കണമെന്ന് നിർബ്ബന്ധമുള്ള ആളായിരുന്നു ഹംസ, മാത്രമല്ല സഹപ്രവർത്തകരെ തിരുത്താനും ശ്രദ്ധിച്ചിരുന്നു. എല്ലാവിധ സങ്കേതിക സംശയങ്ങൾക്കും ഉത്തരമായിരുന്നു ഹംസ തളാപ്പിൽ.

ഹംസ തളാപ്പിലിന്റെ പേരിൽ ഒരു എൻഡോവ്മെന്റ് ഏർപ്പെടുത്തി അദ്ദേഹത്തോടുള്ള കടപ്പാടും ആദരവും എടപ്പറ്റ ബി.ജി. ഫെഡറേഷൻ വ്യക്തമാക്കി. ജലനിധി ഗുണഭോക്തൃ കുടുംബങ്ങളിലെ സാമ്പത്തിക സഹായം അർഹിക്കുന്നതും പഠനത്തിൽ മികവ് തെളിയിച്ചതുമായ ഒരു എൻജിനിയറിംഗ് വിദ്യാർത്ഥിക്കാണ് എൻഡോവ്മെന്റ് നൽകുന്നത്. എൻഡോവ്മെന്റിന്റെ ആദ്യ സമർപ്പണം ഹംസയുടെ മകൻ റിയാസ് ബാബു ഷാന്റിതോമസ് എലവുങ്കൽ എന്ന എൻജിനീയറിംഗ് വിദ്യാർത്ഥിനിക്ക് നൽകി നിർവ്വഹിച്ചു. കുടുംബനാഥന്റെ വിയോഗത്തിലും നഷ്ടധൈര്യരാകാതെ എടപ്പറ്റ ഗ്രാമ പഞ്ചായത്തിലെ 32 കുടുംബങ്ങൾക്ക് ഭക്ഷ്യ ധാന്യകിറ്റുകൾ നൽകി ഹംസയുടെ കുടുംബംവും മാതൃകയായി.

എടപ്പറ്റ ബി.ജി ഫെഡറേഷന്റ നേതൃത്വത്തിൽ ഹംസ തളാപ്പിൽ അനുസ്മരണദിനം ആചരിച്ചത് അദ്ദേഹത്തോടുള്ള ആദരവിന്റെയും അംഗീകാരത്തിന്റെയും തെളിവാണ്. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എൻ.പി തനൂജ, വൈസ് പ്രസിഡന്റ് ഹനീഫ മാസ്റ്റർ, മെമ്പർ ജോർജ് മാത്യു പി.എം, ഫെഡറേഷൻ വൈസ്.പ്രസിഡന്റ് ഉസ്മാൻ മാസ്റ്റർ, സമിതി മെമ്പർ പി.എ ജോൺ, സഹായ സംഘടന ടീം ലീഡർ പ്രിൻസ് .എം, ജോർജ് എന്നിവർ കുടുംബാംഗങ്ങളോടൊപ്പം അനുസ്മരണ ദിനത്തിൽ വേദി പങ്കിട്ടു. ഒരു യഥാർത്ഥ പൗരന്റ ജാഗ്രതയോടെ വിശ്രമമില്ലാതെ ജോലി ചെയ്ത് സമൂഹത്തിനും കുടുംബത്തിനും മാതൃകയായ ഹംസ തളാപ്പിലിനു മുമ്പിൽ ജലനിധി കുടുംബം ആദരവോടെ ശിരസു നമിക്കുന്നു.



**പി.എ ജോൺ**
**എടപ്പാറ്റ**

## സുജല സോഫ്റ്റ്‌വെയറുമായി പെരുമണ്ണക്ലാരി ജലനിധി

ജലനിധി പദ്ധതി ആരംഭിച്ച മാസം തന്നെ 4500 കുടുംബങ്ങൾ ഗുണഭോക്താക്കളാകാൻ അപേക്ഷ സമർപ്പിച്ച ഏക പഞ്ചായത്താണ് മലപ്പുറം ജില്ലയിലെ പെരുമണ്ണക്ലാരി. വർഷത്തിൽ പകുതിയിലധികം മാസവും അതിരൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുന്ന കുടുംബങ്ങൾക്ക് ജലനിധിയിൽ ചേരാൻ രണ്ടാമതൊന്ന് ആലോചിക്കേണ്ടിവന്നില്ല. ജലനിധിയുടെ എല്ലാ യോഗങ്ങളിലും വാർഡിലെ ജനപങ്കാളിത്തവും ആവേശവും അതിശയിപ്പിക്കുന്നതായിരുന്നു. ജലനിധി പദ്ധതി വിജയകരമായി നടപ്പിലാക്കി വരുന്ന ഗ്രാമപഞ്ചായത്തുകളിലേക്കുള്ള പഠനയാത്രയാണ് “സുജല” എന്ന സോഫ്റ്റ്‌വെയർ ചിട്ടപ്പെടുത്തുന്നതിന് വെള്ളാക്കുഴി ശുദ്ധജല വിതരണ സമിതി ഭാരവാഹികളെ പ്രേരിപ്പിച്ചത്. ആസൂത്രണഘട്ടത്തിൽ തന്നെ ജലനിധി പദ്ധതിക്കുവേണ്ടി ഒരു സോഫ്റ്റ് വെയർ നിർമ്മിക്കപ്പെടുന്നത് ജലനിധി പദ്ധതിയെ ഗുണഭോക്താക്കൾ സ്വന്തമാക്കിയതിന്റെ തെളിവായിരുന്നു. ഗുണഭോക്താക്കളുടെ എല്ലാ വിവരങ്ങളും ഉൾപ്പെടെ വെള്ളത്തിന്റെ ഉപയോഗം, മീറ്റർ റീഡിംഗ്, കുടിശ്ശിക, ഗുണഭോക്താക്കളുടെ പരാതികൾ, യോഗങ്ങൾ സംബന്ധിച്ച വിവരം, ബില്ലുകൾ ഓൺലൈനായി അടക്കുന്നതുൾപ്പടെ ‘സുജല’യിൽ എല്ലാം ഉൾപ്പെടുത്തിയിരുന്നു.

മൾട്ടിഗ്രാമപഞ്ചായത്ത് പദ്ധതിയായ പെരുമണ്ണക്ലാരിയിൽ തെന്നല, ഒഴൂർ, പഞ്ചായത്തുകൾകൂടി ഉൾപ്പെടുന്നു. കേരളത്തിലെ ആദ്യ ഡിജിറ്റലൈസ്ഡ് ഡ്രിങ്കിംഗ് വാട്ടർ സപ്ലൈ പഞ്ചായത്ത് എന്ന നേട്ടം കൈവരിക്കാനുള്ള തീവ്ര ശ്രമത്തിലാണ് വെള്ളാട്ടുകുഴി ബി.ജിയുടെ സെക്രട്ടറിയും സുജലയുടെ സൂത്രധാരനുമായ ലിബാസ് മൊയ്തീനും, ഗ്രാമപഞ്ചായത്തും. എന്നും എപ്പോഴും എല്ലാവർക്കും ശുദ്ധജലം ലഭ്യമാക്കുക എന്നത് പഞ്ചായത്തിന്റെ മുഖ്യ അജണ്ടയാണെന്ന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഫാത്തിമ പൊതുവത്ത് പറയുന്നു.

**മുസ്തഫ പൊതുവത്ത്**
**ഖജാൻജി,SLEC,പെരുമണ്ണ ക്ലാരി**

## വൈക്കിലശ്ശേരി സ്കൂൾ ശുചിത്വ പദ്ധതി ഉദ്ഘാടനം ചെയ്തു

ചോറോട് ഗ്രാമപഞ്ചായത്തിലെ പഞ്ചായത്ത് തല ആക്ടിവിറ്റി കമ്മിറ്റിയുടെ നേതൃത്വത്തിൽ വൈക്കിലശ്ശേരി യു.പി സ്കൂളിൽ 2,34000 രൂപ ചെലവുചെയ്ത് നിർമ്മിച്ച ശുചിമുറികൾ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് നളിനി.കെ.കെ സ്കൂളിന് കൈമാറി. വാർഡ് മെമ്പർ ബാലകൃഷ്ണൻ.പി, ഹെഡ്മാസ്റ്റർ സി.സുരേന്ദ്രൻ, കമ്മിറ്റി പ്രസിഡണ്ട് അബൂബക്കർ, സെക്രട്ടറി കെ.കെ. റിനീഷ്, സ്കൂൾ മാനേജർ സി. ഗോപാലകൃഷ്ണൻ, ടീം ലീഡർ ഷൈനി വി.പി, പി.ടി.എ പ്രസിഡന്റ് ജയന്തി എന്നിവർ സന്നിഹിതരായിരുന്നു.

# ലക്കിടി പേരൂർ ജലനിധി പദ്ധതി യാഥാർത്ഥ്യമാകുന്നു.




പാലക്കാട് ജില്ലയിൽ, ഒറ്റപ്പാലം താലൂക്കിൽ സ്ഥിതിചെയ്യുന്ന ലക്കിടി പേരൂർ ഗ്രാമപഞ്ചായത്തിന്റെ തെക്ക് ഭാഗം പൂർണമായും ഭാരതപുഴയിലൂടെ ഒഴുകുന്ന ജലം കൊണ്ട് അനുഗ്രഹീതമാണ്. പഞ്ചായത്തിലെ ജനങ്ങൾക്ക് കുടിവെള്ളം എത്തിക്കുന്നതിനും കാർഷികാവശ്യത്തിന് ചെറുകിട ജലസേചനം ഉറപ്പുവരുത്തുന്നതിനുമായി ചെറുതും വലുതുമായ നാല് തടയണ കൂടിയായപ്പോൾ, പ്രകൃതിദത്തമായ ജലസംഭരണ ശേഷികൊണ്ട് മറ്റ് പഞ്ചായത്തുകളേക്കാൾ ഏറെ സമ്പന്നമാണ് ലക്കടി പേരൂർ ഗ്രാമപഞ്ചായത്ത്.

ജലനിധി രണ്ടാം ഘട്ടത്തിലെ ഒന്നാം ബാച്ചിൽ ആരംഭിച്ച ലക്കിടി പേരൂർ പദ്ധതിയുടെ അടങ്കൽ തുക 11,27,72000/- രൂപയാണ്. 5200 കുടുംബങ്ങൾക്ക് ശുദ്ധജലം നൽകാൻ ലക്ഷ്യമിട്ടുള്ള പദ്ധതിയുടെ പ്രവൃത്തികൾ അവസാനഘട്ടത്തിലെത്തി നിൽക്കുന്നു.

ലക്കിടി പേരൂർ ഗ്രാമപഞ്ചായത്ത് ഇപ്പോൾ സ്വപ്നം കാണുന്നത് ഏതാനും മാസങ്ങൾക്കുള്ളിൽ യാഥാർത്ഥ്യമാകാൻ പോകുന്ന ലക്കിടി ബൃഹത് കുടിവെള്ള പദ്ധതിയെയാണ്. പദ്ധതിക്ക് വേണ്ടിയുള്ള ശുദ്ധീകരണപ്ലാന്റിന്റെ നിർമാണം പൂർത്തീകരണ ഘട്ടത്തിൽ എത്തി നിൽക്കുന്നു. 6.6 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള പ്രധാന ടാങ്ക്, അനുബന്ധ ടാങ്കുകൾ എന്നിവ പൂർത്തീകരിച്ച് കഴിഞ്ഞു. 5 കി.മി നീളമുള്ള പമ്പിങ്ങ് മെയിൻ, ഗ്രാവിറ്റി ലൈൻ, 140 കീ.മി നീളമുള്ള ജലവിതരണ ശൃംഖലകൾ എന്നിവയുടെ പ്രവൃത്തികൾ 70% പൂർത്തിയായി. ജലസ്രോതസ്സായ ഭാരതപുഴയിൽ 22 ലക്ഷം രൂപ മുടക്കിയുള്ള കിണർ നിർമാണം പൂർത്തീകരിച്ച് മോട്ടോറും പാനൽബോഡും സ്ഥാപിച്ചു വൈദ്യുതി ലഭിക്കുന്നതിനായി ക്യൂവിലാണ്. ഗാർഹിക കണക്ഷൻ നൽകുന്ന പ്രവൃത്തികൾ 70% പൂർത്തീകരിച്ചു. 39 ഗുണഭോക്തൃ കമ്മറ്റികളിൽ നിന്ന് 78 പേരടങ്ങുന്ന SLC യും 11 പേരടങ്ങുന്ന ശക്തമായ SLEC യും ജലനിധി പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന്റെ തിരക്കിലാണ്. ജലവിഭവകേന്ദ്രം എന്നപേരിൽ SLEC ക്കു വേണ്ടി നിർമ്മിച്ച ഓഫീസ് പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിൽതന്നെ പ്രവർത്തിക്കുന്നു.

പഞ്ചായത്തിൽനിന്നും ഒറ്റപ്പെട്ട നിലയിൽ സ്ഥിതി ചെയ്യുന്ന പ്രദേശമായ ഈങ്ങോറ ഭാഗത്തെ കുടിവെള്ള പദ്ധതി പുനരുദ്ധരിച്ച് 106 കുടുംബങ്ങൾക്ക് കുടിവെള്ളം മുടക്കം കൂടാതെ എത്തിക്കുക എന്ന ലക്ഷ്യം ജലനിധിയിലൂടെ പൂർത്തിയായി. ഈങ്ങോറ പ്രദേശത്ത് ദിവസേനയെന്നോണം കുടിവെള്ളം മുടങ്ങുക, മിക്കപ്പോഴും കുടിവെള്ളം ലഭിക്കാതിരിക്കുക, എന്നീ പ്രശ്നങ്ങളാണ് 59 ലക്ഷം മുടക്കി ജലനിധി പദ്ധതി പ്രവർത്തനം ആരംഭിച്ചപ്പോൾ ശാശ്വതമായി പരിഹരിക്കപ്പെട്ടത്. സംഘമിത്ര എന്ന പേരിൽ അറിയപ്പെടുന്ന ഈ ജലനിധി പദ്ധതി കൂട്ടായ്മയു ണ്ടെങ്കിൽ ഏത് പ്രവൃത്തിയും സമയ ബന്ധിതമായി പൂർത്തീകരിക്കാൻ കഴിയുമെന്ന് തെളിയിച്ച പദ്ധതികൂടിയാണ്.

പഞ്ചായത്ത് നടപ്പിലാക്കുന്ന കുടിവെള്ളവിതരണ പദ്ധതിയോടൊപ്പം ശുചിത്വവുമായി ബന്ധപ്പെട്ട് രണ്ട് സ്കൂളുകളിൽ ആധുനിക രീതിയിലുള്ള സാനിറ്ററി കോംപ്ലസുകളുടെ നിർമാണവും പൂർത്തീകരിച്ചു. 3 സ്കൂളുകളിലെ പ്രവൃത്തികൾ 95% പൂർത്തീകരിച്ചിട്ടുണ്ട്. വീടുകളിലേക്കുള്ള കക്കൂസ് നിർമാണം 21,56000 രൂപ ചെലവിട്ട് സമയബന്ധിതമായി പൂർത്തീകരിച്ചതിന് സംസ്ഥാന സർക്കാറിൽ നിന്ന് ലക്കിടി പേരൂർ ഗ്രാമപഞ്ചായത്തിനും, സർവ്വീസ് ഓർഗഷനൈസേഷനായ പീപ്പിൾ സർവ്വീസ് സൊസൈറ്റിക്കും അവാർഡ് ലഭിച്ചു. കൂടതെ 23 വീടുകളിലേക്കും, 3 സ്കൂളുകളിലേക്കുമുള്ള ബയോഗ്യാസ് പ്ലാന്റ്, 19 പൈപ്പ് കംപോസ്റ്റിന്റെയും, 35 കിണർ റീചാർജിങ്ങ് എന്നിവയുടെ നിർമാണം പൂർത്തീകരിക്കുകയും ബന്ധപ്പെട്ടവർ ആയത് നല്ലരീതിയിൽ പരിപാലിച്ച് പോരുകയും ചെയ്യുന്നുണ്ട്.

സഹായ സംഘടനയായ പീപ്പിൾ സർവ്വീസ് സൊസൈറ്റി പാലക്കാടിന്റെ (PSSP) സമയബന്ധിതവും കൃത്യനിഷ്ഠയോടെയുള്ള പ്രവർത്തനവും സത്യ സന്ധമായും കാര്യക്ഷമമായും പ്രവർത്തിക്കുന്ന സ്കീംലെവൽ കമ്മറ്റിയുടെ ചിട്ടയായ പ്രവർത്തനങ്ങളും ജലനിധി പദ്ധതി എത്രയും വേഗത്തിൽ യാഥാർത്ഥ്യ മാക്കണമെന്ന ആവേശത്തോടു കൂടി മുന്നിൽ നിന്നു പ്രവർത്തിക്കുന്ന പഞ്ചായത്ത് ഭരണ സമിതിയും ജലനിധിയുടെ പ്രവർത്തനത്തിന് ശക്തി പകരുന്നു.



രതിനാഥ് .ആർ
ടീം ലീഡർ, ലക്കിടി പേരൂർ

# വേഗത, കൃത്യത, കാര്യക്ഷമത...
# നടത്തറ ജലനിധി ഉയരങ്ങളിലേക്ക്.

നടത്തറ ഗ്രാമപഞ്ചായത്തിലെ ജലനിധി പദ്ധതി നടത്തിപ്പിന്റെ കാര്യത്തിൽ ബഹുദൂരം മുന്നിലെത്തിയിരിക്കുന്നു. നടത്തറ എസ്.എൽ.സിയുടെ ഓഫീസ് കമ്പ്യൂട്ടറൈസ് ചെയ്തതു വഴി ഓഫീസിന്റെ പ്രവർത്തനം കൂടുതൽ വേഗത്തിലും കാര്യക്ഷമമായും കൃത്യതയോടെയും ചെയ്യാൻ സാധിക്കുന്നു. പദ്ധതിയിലെ ഏതൊരു ഗുണഭോക്താവിനെക്കുറിച്ചുള്ള വിവരവും തെറ്റുകൂടാതെ ഏതു സമയത്തും ലഭിക്കും. മൊബൈൽ ആപ്പിന്റെ സഹായത്തോടെ മീറ്റർ റീഡിംഗ് എടുത്ത് അപ്പോൾതന്നെ ബിൽചെയ്യുവാനും തുക കൈപ്പറ്റുവാനും സാധിക്കുന്നു. ഈ വിവരങ്ങൾ നെറ്റ് വർക്കിലൂടെ സെർവറിൽ സൂക്ഷിക്കാനും സാധിക്കും.

**സോഫ്റ്റ് വെയറിന്റെ മറ്റു സവിശേഷതകൾ ഇവയാണ്:**

1. മാസ്റ്റർ എൻട്രികൾ,ബെനിഫിഷ്യറി ഗ്രൂപ്പ്, കസ്റ്റമർ , താരിഫ് പ്ലാൻ, കളക്ഷൻ, സ്റ്റാഫ് ഡീറ്റെയിൽസ് എന്നിവ
2. ട്രാൻസാക്ഷൻ എൻട്രികൾ,മെമ്പർഷിപ്പ് ( മെമ്പർഷിപ്പ് നമ്പർ, തിയതി, മേൽവിലാസം തുടങ്ങിയവ) ബിൽബുക്ക്, റസിപ്റ്റ് ബുക്ക് എന്നിവ സംബന്ധമായ വിവരങ്ങൾ രേഖപ്പെടുത്തൽ, ബിൽ ജനറേഷൻ, കാഷ് റെസിപ്റ്റ്, അഡ്വാൻസ് റെസിപ്റ്റ് എന്നിവ
3. റിപ്പോർട്ടുകൾ, ബിൽ റിപ്പോർട്ട്, ക്യാഷ് റെസിപ്റ്റ്, മെമ്പർഷിപ്പ് അഡ്വാൻസ് ബാലൻസ് എന്നിവ
4.അക്കൗണ്ട്സ്, ഹെഡ് ഗ്രൂപ്പ്, അക്കൗണ്ട്ഹെഡ്, ഡെ ബുക്ക്, ജേർണൽ, ക്യാഷ്ബുക്ക് റിപ്പോർട്ട്, അക്കൗണ്ട് ലെഡ്ജർ, ഗ്രൂപ്പ് ലെഡ്ജർ, ബാങ്ക് ലെഡ്ജർ, ട്രയൽ ബാലൻസ്, ഇൻകം എക്സ്പെൻഡിച്ചർ,ബാലൻസ് ഷീറ്റ് എന്നിവ
5. ഫീച്ചർ, മൾട്ടിപ്പിൾ യൂസർ പ്രിവിലേജ്, യൂസർ പ്രിവിലേജ് ഗ്രൂപ്പ്, മൊബൈൽ ആപ്പ് (ഒൺസെറ്റ് ബിൽ, ക്യാഷ് ബിൽ റെസിപ്റ്റ്) ഓൺലൈൻ & ഓഫ്ലൈൻ സംവിധാനം

തൃശൂർ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ടച്ച് സ്റ്റോൺ സൊലൂഷൻ ആണ് 'അഗ്വ' എന്ന സോഫ്റ്റ്വെയർ ജലനിധിക്കുവേണ്ടി വികസിപ്പിച്ചെടുത്തത്. നടത്തറ എസ്.എൽ.ഇ.സി 'അഗ്വ'യുടെ പ്രവർത്തനത്തിൽ പൂർണ സംതൃപ്തരാണ്. ഇടുക്കി, കണ്ണൂർ മേഖല ഓഫീസുകളിൽ നിന്നും ജലനിധി ഉദ്യോഗസ്ഥർ അഗ്വയെക്കുറിച്ച് പഠിക്കുന്നതിനും നിർദ്ദേശങ്ങൾ നൽകുന്നതിനും എത്തിയിരുന്നു.

# നടത്തിപ്പും പരിപാലനവും - ദ്വിദിനപരിശീലനം നടത്തി




ജലനിധി പദ്ധതിയുടെ സുസ്ഥിരമായ നടത്തിപ്പിനും പരിപാലനത്തിനും ഗുണഭോക്തൃ സമിതികളെ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തുകളിൽ പ്രവർത്തിക്കുന്ന സഹായസംഘടനകളിലെ ടീം അംഗങ്ങൾക്കും ജി.പി.എസ്.ടി അംഗങ്ങൾക്കും ജൂൺ 29, 30 തീയ്യതികളിൽ കോഴിക്കോട് ഹോട്ടൽ മഹാറാണിയിൽ വച്ച് പരിശീലനം നൽകി. ജലനിധി പദ്ധതികളുടെ സാമൂഹ്യ, സാങ്കേതിക, സാമ്പത്തിക മേഖലകളിലെ സുസ്ഥിരത ഉറപ്പുവരുത്തുന്നതിന് ഗുണഭോക്തൃസമിതികളെ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ സംഘടിപ്പിച്ച പരിശീലന പരിപാടികൾക്ക് ജലനിധിയുടെ സംസ്ഥാന, മേഖല ഓഫീസുകളിലെ പ്രവർത്തകർ നേതൃത്വം നൽകി. സംസ്ഥാനപ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിൽ നിന്നും കെ.എൻ സുരേഷ് ബാബു, മിനി.കെ, മേഖല ഓഫീസിൽ നിന്നും ജോർജ് മാത്യു, ഷഹീർ എം.പി, ഒ.പി അബ്രഹാം, യോഹന്നാൻ.എ, ഷൈജു.പി ജോർജ്, അലക്സ് തോമസ് എന്നിവർ ക്ലാസെടുത്തു.

# പുലരിയുടെ നിർമ്മാല്യം പോലെ പുൽവെട്ട ജലനിധി പദ്ധതി

മലപ്പുറം ജില്ലയുടെ ചിറാപുഞ്ചി എന്നറിയപ്പെടുന്ന കരുവാരക്കുണ്ട് പ്രദേശത്തെ ഏറെ സവിശേഷതയാർന്ന ഗ്രാമമാണ് പുൽവെട്ട. പശ്ചിമഘട്ട ഗിരിശൃംഖങ്ങളിൽ ഉൾപ്പെട്ട സഹ്യസാനുക്കളുടെ മടിത്തട്ടിലാണ് ഈ പ്രദേശം. വിസ്തൃതമായ പുഴയോരവും തുരുത്തുകളും ഉൾപ്പെട്ട ഇവിടം പണ്ടു കാലത്ത് പച്ചപ്പുകളാൽ സമൃദ്ധമായിരുന്നു. ഒരുകാലത്ത് പുൽമേടുകളുടെ കേദാരമായിരുന്ന ഇവിടെനിന്ന് പുല്ലുവെട്ടുന്നതിന് തൊട്ടടുത്തുള്ള പ്രദേശവാസികളെല്ലാവരും തന്നെ വന്നിരുന്നു. പുല്ലുവെട്ട് എന്ന പദം ലോപിച്ചാണ് പുൽവെട്ട ആയതെന്ന് പഴമക്കാർ പറയുന്നു. സൈലന്റ് വാലിയുടെ ബഫർസോൺ ആയ ഈ പ്രദേശം പാലക്കാട് ജില്ലയുമായി അതിർത്തി പങ്കിടുന്നു.

ജനകീയാസൂത്രണത്തിന് മുമ്പുള്ള പുൽവെട്ട പ്രദേശത്തിന്റെ അവസ്ഥ ദയനീയമായിരുന്നു. അടിസ്ഥാന സൗകര്യം, വിദ്യാഭ്യാസം, തൊഴിൽ എന്നിവ ഇവിടുത്തുകാർക്ക് അന്യമായിരുന്നു. എന്നാൽ ജനകീയാസൂത്രണത്തിന്റെ ഭാഗമായി പുഴകൾക്കും തോടുകൾക്കും കുറുകെ പാലങ്ങളും അനുബന്ധ റോഡുകളും വന്നപ്പോൾ പ്രദേശത്തിന്റെ വികസനത്തിന് ഏറെ മാനങ്ങൾ കൈവന്നു.

ജലാശയങ്ങളാൽ സമ്പുഷ്ടമായ പുൽവെട്ട പ്രദേശത്ത് ജലനിധി പോലുള്ള ബൃഹത് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത് ഏറെ ശ്രമകരമായിരുന്നു. എന്നാൽ ഭാവിയിലെ ജലക്ഷാമം മുന്നിൽകണ്ട് ദീർഘവീക്ഷണത്തോടെ പ്രവർത്തിച്ച കരുവാരക്കുണ്ട് ഗ്രാമപഞ്ചായത്തിലെ മുൻസാരഥി പൊറ്റയിൽ ആയിഷ എന്നവരുടെ നിശ്ചയദാർഢ്യവും ബോർഡ് അംഗങ്ങളുടെ അനുഭവ സമ്പത്തും എല്ലാ വൈതരണികളെയും മറികടന്ന് പദ്ധതി യാഥാർത്ഥ്യമാക്കാൻ സഹായിച്ചു. അങ്ങനെ മലപ്പുറം ജില്ലയിലെ ഒന്നാം ബാച്ചിൽ രണ്ടു പഞ്ചായത്തുകൾ ജലനിധിക്കുവേണ്ടി തിരഞ്ഞെടുത്തപ്പോൾ അതിലൊരു പഞ്ചായത്താകാൻ കരുവാരക്കുണ്ടിന് കഴിഞ്ഞു.

ശേഷം 8-ാം പേജിൽ



2011-ൽ ജലനിധി പദ്ധതിക്കുവേണ്ടി പഞ്ചായത്തിൽ ഗ്രാമസഭകൾ വിളിച്ചുചേർത്തപ്പോൾ വളരെ വലിയ പിന്തുണയൊന്നും ജനങ്ങളിൽ നിന്ന് ലഭിച്ചില്ല. എന്നാൽ ചില ഭാഗത്തുനിന്നും ഇതിന് വർദ്ധിച്ച തോതിലുള്ള പ്രാധാന്യവും പിന്തുണയും ലഭിക്കുകയുണ്ടായി. അത്തരത്തിലുള്ളൊരു കൂട്ടായ്മയാണ് പുൽവെട്ട സ്കീം. കേവലം ഒരു ഗുണഭോക്തൃ സംഘമായി രൂപംകൊണ്ട പുൽവെട്ട കക്കറ, പുൽവെട്ട, പയ്യാക്കോട്, ചുള്ളിയോട് എന്നീ വാർഡുകളിലെ എട്ട് ഗുണഭോക്തൃ സമിതികളെ കൂടി പദ്ധതി യിൽ ഉൾപ്പെടുത്തി സ്കീം ലെവൽ കമ്മിറ്റിയായി വിപുലീകരിച്ചു. 2012 ഒക്ടോബർ 11 ന് ഉദയം കൊണ്ട പദ്ധതിയിൽ 493 കുടുംബങ്ങളാണ് ഉള്ളത്.

2015 ഓഗസ്റ്റ് 17 ന് ഔദ്യോഗികമായി കമ്മീഷൻ ചെയ്ത പുൽവെട്ട സ്കീമിലെ ആദ്യകാല ഭാരവാഹികളായ പ്രസിഡന്റ് പി.ടി അബു, ജനറൽ സെക്രട്ടറി ബാലൻ കക്കറ, ഖജാൻജി അസ്മാബി എന്നിവർ ഇപ്പോഴും തുടരുന്നത് അവരുടെ പ്രവർത്തനമികവും നേതൃത്വ പാടവവും കൊണ്ടാണ്. ആദ്യകാലത്ത് പദ്ധതിക്കെതിരെ മുഖംതിരിച്ച് നിന്നവരെല്ലാം വളരെ താൽപര്യത്തോടെ ആവശ്യക്കാരായി മാറുന്ന സ്ഥിരം കാഴ്ചയാണ് ഇപ്പോൾ പുൽവെട്ട സ്കീമിലുമുള്ളത്. എന്നാൽ പുതിയ ഗുണഭോക്താക്കൾക്ക് ജലം ലഭ്യമാക്കാൻ സ്രോതസ്സുകൾക്ക് ശേഷിയില്ലാത്തത് സ്കീമിനെ സംബന്ധിച്ചിടത്തോളം ഒരു പോരായ്മയാണ്.

പ്രതിമാസ വേതനാടിസ്ഥാനത്തിൽ യഥാക്രമം 15000, 9000 രൂപ പ്രകാരം പമ്പ് ഓപ്പറേറ്റർ, ജനറൽ സെക്രട്ടറി എന്നിവരെ സ്ഥിരമായി SLEC നിയമിച്ചിട്ടുണ്ട്. പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും ഇത് സഹായിക്കുന്നു.

അതുപോലെതന്നെ ബി.ജി ഭാരവാഹികളെ മീറ്റർ റീഡിംഗ് എടുക്കുന്നതിന് നിയോഗിച്ചതിലൂടെ ബി.ജി ഭാരവാഹികളും എസ്.എൽ.ഇസിയും തമ്മിലുള്ള ബന്ധം സുദൃഢമാവുകയും പ്രവർത്തനങ്ങൾ സുഗമമാവുകയും ചെയ്യുന്നു. ഓഫീസ് പ്രവർത്തനങ്ങൾക്കുള്ള ദൈനംദിന ചെലവുകളിലെ അച്ചടക്കം പദ്ധതിക്ക് മിച്ച ബഡ്ജറ്റ് സാധ്യമാക്കി. ഒലിപ്പുഴയുടെ തീരത്താണ് പദ്ധതിയുടെ കിണറും പമ്പ്ഹൗസും നിർമ്മിച്ചിട്ടുള്ളത്. പമ്പ് ഹൗസിന്റെ സമീപത്ത് പദ്ധതിക്കായുള്ള അയേൺ റിമൂവൽ പ്ലാന്റ്, പ്രഷർ സാന്റ് ഫിൽറ്റർ, ക്ലോറിൻഡോസർ പമ്പ് തുടങ്ങിയവ ശുദ്ധജലലഭ്യത ഉറപ്പുവരുത്തുന്നു. 60000 ലിറ്റർ ശേഷിയുള്ള സിങ്ക് അലൂമിനിയം ടാങ്ക് അത്രതന്നെ ശേഷിയുള്ള RCC ടാങ്ക് എന്നിങ്ങനെ രണ്ട് സംഭരണികൾ പദ്ധതിക്കുണ്ട്. പദ്ധതിയുടെ പൂർത്തീകരണ ചെലവ് 1.03 കോടി രൂപയാണ്. പുൽവെട്ട സ്കീമിന്റെ പ്രവർത്തകർക്ക് അവരുടെ ഭാവി കാര്യങ്ങളെക്കുറിച്ചും വ്യക്തതയുണ്ട്. സ്വന്തമായി സ്ഥലം, കെട്ടിടം, ജലസാക്ഷരതായജ്ഞത്തിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ, സാധുജനപരിപാലനം, നിർദ്ധനരായ വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കൽ, ധനസഹായം, പ്രകൃതിപരിപാലനപരിപാടികളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള വിവരവിജ്ഞാന കേന്ദ്രം, അങ്ങനെ ഒട്ടേറെ നൂതനാശയങ്ങൾ പുൽവെട്ടക്കുണ്ട്. പുൽവെട്ടയുടെ ഭാവി ശോഭനമാക്കുന്നതിനും വരും തലമുറകൾക്കു വേണ്ടി അമൂല്യമായ പ്രകൃതി സമ്പത്ത് സംരക്ഷിക്കുന്നതിനും വേണ്ടി അക്ഷീണം പ്രവർത്തിക്കണമെന്ന ദൃഢനിശ്ചയവും ആത്മ വിശ്വാസവും അവരിൽ ഓരോരുത്തരിലും പ്രകടമാണ്.

സുധി വയനാട്
ടീ ലീഡർ, കരുവാരക്കുണ്ട്

എഡിറ്റർ
ഹൈദർ അലി ടി.പി
റീജിയണൽ പ്രോജക്ട് ഡയറക്ടർ

എഡിറ്റോറിയൽ ബോർഡ്
രാഹുൽ യു.എസ്.
ഡെപ്യൂട്ടി ഡയറക്ടർ (ഐ.ഇ.സി)
ഷഹീർ എം.പി.
മാനേജർ (കമ്മ്യൂണിറ്റി ഡവലപ്മെന്റ്)
രാജേഷ് അന്തോളി
അക്കൗണ്ട്സ് ഓഫീസർ

ഉപദേശക സമിതി
സലീം എം.പി.
ഡയറക്ടർ (എഫ് & എ)
കെ.മോഹൻ
ഡയറക്ടർ (ടെക്നിക്കൽ)
വി.എൽ മോഹൻകുമാർ
ഡയറക്ടർ (ഓപറേഷൻസ്)
എം. പ്രേംലാൽ
ഡയറക്ടർ (എച്ച്.ആർ.ഡി)
അരുൺരാജ് എസ്.
ഡയറക്ടർ (എം & ഇ)

പ്രസിദ്ധീകരണ ഏകോപനം
ഒ.പി. അബ്രഹാം
ഐ.ഇ.സി. സ്പെഷ്യലിസ്റ്റ്

ജലതരംഗം വാർത്താ പത്രികയിലേക്കുള്ള
നിങ്ങളുടെ സൃഷ്ടികളും നിർദ്ദേശങ്ങളും
**iecrpmumpm@gmail.com** എന്ന ഇ-മെയിലിലോ
ദി എഡിറ്റർ, ജലതരംഗം,
കേരളാ റൂറൽ വാട്ടർ സപ്ലൈ ആൻഡ് സാനിറ്റേഷൻ ഏജൻസി,
റീജിയണൽ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ്
**MMC, X**/108 112, 2ാം **Floor, U.M.K** ടവർ, ജൂബിലി റോഡ്,
കോട്ടക്കുന്ന്, മലപ്പുറം – 676 505
എന്ന വിലാസത്തിലോ എഴുതി അറിയിക്കാവുന്നതാണ്.

Published by Hyder Ali T.P, Regional Project Director, Kerala Rural Water Supply and Sanitation Agency (KRWSA)
Regional Project Management Unit, MMC, X/108-112, 2nd Floor, U.M.K Tower, Jubilee Road, Up Hill, Malappuram - 676 505
Ph: 0483 - 2738566, Email: iecrpmumpm@gmail.com, www.jalanidhi.kerala.gov.in
Printed at Pravasi Prints Pvt Ltd, Malappuram. Ph: 0483 2735696